ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ പി. എഫ്. എ. ആക്ട് നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഒരു കാളിറ്റി മാനുവലും അടുത്ത കാലത്ത് രൂപപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

നൂറു ദിവസത്തെ കർമ്മ പരിപാടി

64 [1961] ശ്രീ. കെ. സുധാകരൻ :
ഡോ. എം. വി. കുട്ടപ്പൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. പി. ഗംഗാധരൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ നിലവിൽവന്നശേഷം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിനെ സംബന്ധിച്ച് നൂറു ദിവസത്തെ കർമ്മ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് ;

(ബി) അതിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കി എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ കുടിശ്ശികയായ ഫയലുകൾ അടിയന്തിരമായി തീർപ്പാക്കാനും 114400 കുടുംബങ്ങളെ അന്ത്യോദയ പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്താനും വകുപ്പിലെ നിലവിലുള്ള എല്ലാ ഒഴിവുകളും പി. എസ്. സി.യെ അറിയിക്കാനും തീരുമാനിച്ചു. ടി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ താഴെപ്പറയുന്ന പരിപാടികളാണ് 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(i) 20 ലാഭം സ്റ്റോറുകൾ, 5 മാവേലി സ്റ്റോറുകൾ, 5 മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുക ;

(ii) കുടുംബശ്രീ ഉൽപ്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്യുക ;

(iii) റേഷൻ കടകളെ ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്ത്, ടി കടകളിലൂടെ സപ്ലൈകോയുടെ മാവേലി സാധനങ്ങൾ, ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ, മറ്റ് എഫ്. എം. സി. ജി. ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

(i) സിവിൽ സപ്ലൈസ് വകുപ്പിൽ 31-8-2004-ൽ കോടതി കേസുകൾ ഉള്ള ഫയലുകൾ ഒഴിച്ച് 71345 ഫയലുകൾ തീർപ്പാക്കാൻ ഉണ്ടായിരുന്നതിൽ 49122 ഫയലുകൾ ഈ കാലയളവിനുള്ളിൽ തീർപ്പാക്കി (68.85%).

(ii) 108513 കുടുംബങ്ങളെ അന്ത്യോദയ പദ്ധതിയിൽ ഉൾപ്പെടുത്തി.

(iii) ഈ കാലയളവിൽ 178 എൽ. ഡി. ക്ലാർക്ക്, 1 ടൈപ്പിസ്റ്റ്, 1 ഡ്രൈവർ, 5 ക്ലാസ് ഫോർ ആഫീസർ എന്നിങ്ങനെ 185 ഒഴിവുകൾ പി. എസ്. സി. മുഖേന നികത്തി.

(iv) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 19 ലാഭം മാർക്കറ്റുകൾ, 13 മാവേലി സ്റ്റോറുകൾ, 5 മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇവ ആരംഭിച്ചു.

(v) കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന ശാഖകളിലൂടെ വിതരണം ആരംഭിച്ചു.

(vi) ശബരി സ്റ്റോർഴ്സ് എന്ന പേരിൽ 1494 റേഷൻ കടകളെ തിരഞ്ഞെടുത്ത് അവയിലൂടെ മാവേലി സാധനങ്ങൾ, ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ, മറ്റ് വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന നോൺ മാവേലി സാധനങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചു.

പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടിക്രമം

65 [1962] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിൽ ആകെ എത്ര പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാർഡ് അനുവദിക്കുവാൻ കാലതാമസമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ റേഷൻ കാർഡിന് അപേക്ഷ ലഭിച്ചാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇത്ര ദിവസത്തിനകം റേഷൻ കാർഡ് അനുവദിച്ചിരിക്കണമെന്ന് നിഷ്ക്കർഷിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) 25-2-2005-ലെ കണക്കുപ്രകാരം കാസർകോഡ് ജില്ലയിൽ പുതിയ റേഷൻ കാർഡിനുള്ള 2457 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly